**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 375** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമായതിനു ശേഷം പൊതുജനങ്ങൾക്ക് മുമ്പ് ലഭിക്കാതിരുന്ന ഏതൊക്കെ സേവനങ്ങൾ സുഗമമായി ലഭിക്കുന്നുണ്ട്; അവ ലിസ്റ്റ് ചെയ്യാമോ; ഏതൊക്ക സേവനങ്ങളുടെ ലഭ്യത വേഗത്തിലായിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമായതിനു ശേഷം വകുപ്പുകൾ തമ്മിലും വിവിധ തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലും ഏകോപനം കൂടുതൽ കാര്യക്ഷമമാവുകയും ചെയ്തിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വിന്യസിക്കുക വഴി എല്ലാ സേവനങ്ങളും ഓൺലൈനായി K-SMART വഴി സുഗമമായി ലഭിക്കുന്നുണ്ട്.<br><br>ഫയലുകളിൽ നടപടി വൈകുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് പരാതിപ്പെടാനായി Permanent Adalat Portal (adalat.lsgkerala.gov.in) നിലവിൽ ഉണ്ട്. ടി പരാതികൾ വിവിധ തലങ്ങളിൽ പരിശോധിക്കുവാൻ അദാലത്ത് സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. വിവിധ വിഭാഗങ്ങളിലെ വ്യത്യസ്ത വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ ഒരേ സംവിധാനത്തിന്റെ ഭാഗമാക്കുക വഴി തീർപ്പുകൾ വസ്തുനിഷ്ഠമാവുകയും വേഗത വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലും ജില്ലാ തല ഓഫീസുകളിലും e-office സംവിധാനവും നടപ്പിലാക്കിയിട്ടുമുണ്ട്. |
| (ബി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമാവുന്നതിനു മുമ്പ് പൊതുജനങ്ങൾക്ക് ലഭിച്ചിരുന്ന ഏതൊക്കെ സേവനങ്ങൾക്കാണ് കാലതാമസമുണ്ടായിരുന്നത്; വിശദാംശം നൽകുമോ; | (ബി) | വിവിധ വകുപ്പുകളായതിനാൽ ഏകോപനത്തിന്റെ സാധ്യതകൾ ഇന്നത്തേതിനേക്കാൾ കുറവായിരുന്നു. അതിനാൽ വകുപ്പുകൾ തമ്മിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലും പരസ്പരം ബന്ധപ്പെട്ട് നടപ്പാക്കേണ്ടുന്ന വികസന – ക്ഷേമ പ്രവർത്തനങ്ങളുടെ രൂപപ്പെടുത്തലും നിർവ്വഹണവും കാലതാമസമുണ്ടായിരുന്നു. എഞ്ചിനീയറിംഗ് വിഭാഗം പ്രത്യേകമായതിനാൽ തനത് പ്രവർത്തനങ്ങളെയും ഇക്കാര്യം ബാധിച്ചിരുന്നു. |

| | | | |
|---|---|---|---|
| (സി) | കെ-സ്മാർട്ട് സേവനങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പരിപൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. 1200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കെ-സ്മാർട്ട് നടപ്പാക്കിയിട്ടുണ്ട്. |
| (ഡി) | സംയോജിപ്പിച്ച അഞ്ചു വകുപ്പുകൾ വ്യത്യസ്തമായി പ്രവർത്തിച്ചിരുന്ന സമയത്ത് പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിച്ചിരുന്ന ഏതൊക്കെ സേവനങ്ങളാണ് ഇപ്പോൾ സമയബന്ധിതമായി ലഭിക്കാതിരിക്കുന്നത്; വിശദാംശം നൽകുമോ; | (ഡി) | നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹാജരാകാതെ തന്നെ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭ്യമാകുന്നുണ്ട്. |
| (ഇ) | വകുപ്പുകൾ സംയോജിപ്പിച്ചപ്പോൾ ഉണ്ടായിട്ടുള്ള പ്രായോഗിക പ്രശ്നങ്ങൾ മുഴുവനും പരിഹരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | പരാതി പരിഹാര സെൽ ശുപാർശകൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ